**FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ**

**HAZRAT KHALIFATHULLAH MUNIR AHMAD AZIM (A)**

**18 JANUARY 2019**
**11 JAMAD'UL AWWAL 1440 AH**

# THE "RUH" AND THE "NAFS'
## റൂഹും നഫ്സും

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വദ്, സൂറ:അൽഫാതിഹ ഓതിയ ശേഷം **റൂഹും നഫ്സും** എന്ന വിഷയത്തെ ആസ്പദമാക്കി വെള്ളിയാഴ്ച ഖുത്തുബ ആരംഭിക്കുകയുണ്ടായി.

റൂഹും നഫ്സും എന്ന വിഷയത്തെപ്പറ്റി ഒരു വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട്, എന്റെ പല അനുചരന്മാരും രംഗത്തു വന്നതിനാൽ അത് സംബന്ധമായി വളരെ പ്രധാനപ്പെട്ട ഒരു വിവരണം നല്കുവാൻ ഞാൻ ഉദ്ദേശിക്കുകയാണ്. തീർച്ചയായും ഇത് വളരെ പ്രാധാന്യമർഹിക്കുന്നതും എന്നാൽ ആഴ്ത്തിലുള്ളതുമായ ഒരു വിഷയമാകുന്നു. കുറെ വർഷങ്ങൾക്കു മുമ്പ് ഇതു സംബന്ധമായി സംസാരിച്ചിട്ടുള്ളതുമാകുന്നു. വിശിഷ്യാ അബ്ദുൽ ഗഫ്ഫാർ ജൻബാഹ് സാഹിബും അദ്ദേഹത്തിന്റെ ശിഷ്യൻ മൻസൂർ അഹ്മദ് സാഹിബുമായി നടന്ന മുബാഹല വേളയിൽ 2011 ആഗസ്റ്റ് 15-ാം തീയതി. വീണ്ടും ഞാൻ ഇതു സംബന്ധമായ പ്രസംഗത്തിന്റെ ഭാഗമായി നിങ്ങളുടെ മുൻപാകെ സമർപ്പിക്കുകയാണ്.

സാധാരണയായി, ഒരാളിന്റെ ഞാനെന്ന ഭാവത്തിന്റെ ശ്രദ്ധക്ഷണിക്കുമ്പോൾ, പ്രസ്തുത വ്യക്തിയിൽ പ്രകടമാകുന്ന അവസ്ഥയ്ക്ക് നാം സാധാരണ ഉപയോഗിക്കുന്ന പദമാണ് നഫ്സ്, എന്നാൽ ഇത് ഭാഗികമായി മാത്രം ശരിയാണ്, എന്നാൽ ഇതിന്റെ യഥാർത്ഥ അർത്ഥം

നഫ്സെ അമ്മാറ : എന്നാകുന്നു. (ശാരീരിക ഇച്ഛകളും, ഞാനെന്ന ഭാവവും, എല്ലാത്തരം തിന്മകളും കൊണ്ട് താണുപോയ ആത്മാവ്) നഫ്സെ അമ്മാറ : എന്ന വാക്കുകൾ ചുരുക്കിപറഞ്ഞാൽ നഫ്സ് ചില സന്ദർഭങ്ങളിൽ മനുഷ്യന്റെ ഞാനെന്നഭാവത്തെ പ്രതിനിധീകരിക്കുന്നതാകുന്നു.

അറബി ഭാഷയിൽ, കൂടുതൽ കൃത്യമായി പറഞ്ഞാൽ ഖുർആനിക സന്ദർഭത്തിൽ നഫ്സ് എന്ന വാക്ക് ഉപയോഗിക്കുന്നത് മനുഷ്യാത്മാവിനാകുന്നു. സ്വന്തം പ്രകൃതിക്കും അല്ലെങ്കിൽ സ്വന്തം വ്യക്തിത്വത്തിനും ഈ പദം ഉപയോഗിക്കാറുണ്ട്. അത് മനുഷ്യർക്കും, മാലാഖമാർക്കും, അല്ലെങ്കിൽ അല്ലാഹുവിന് സ്വയം തന്നെയും ഈ പദം ഉപയോഗിക്കാറുണ്ട്. നാം പറയുന്നു, ഞാൻ, എന്നെ, ഞാൻ തന്നെ, ഈ അർത്ഥത്തിൽ സ്രഷ്ടാവ് സ്വയം തന്നെ ഈ പദം ഉപയോഗിച്ചിട്ടുണ്ട്. സർവ്വനാമ രൂപത്തിൽ! അതുപോലെ മാലാഖമാർക്കും, മനുഷ്യരായ നമുക്കും ഈ പദം ഉപയോഗിക്കുന്നു.

ഉദാഹരണമായി പറഞ്ഞാൽ

നിങ്ങളുടെ റബ്ബിനെ സ്മിരിക്കുക, നിങ്ങളുടെ ഉള്ളിൽതന്നെ

അൽഅഅ്റാഫ് ((7:206)

വീണ്ടും അല്ലാഹു പറയുന്നു

ഞാൻ നിന്നെ തെരഞ്ഞെടുത്തിരിക്കുന്നു. എനിക്കു വേണ്ടി (20:42)

സൂറ : ത്വാഹ

പരാമർശിക്കപ്പെട്ട ഈ വചനം അല്ലാഹു(ത) ഈ പ്രധാന വാക്ക്, തന്നെ, സ്വയം വിവരിക്കുന്നതിനായി ഉപയോഗിച്ചിരിക്കുന്നു. എന്നിരുന്നാലും നമുക്കെല്ലാം അറിയാം അല്ലാഹുവിന്റെ ഈഗോ(ഞാനെന്നഭാവം) ഈഗോലെസ് (ഞാനെന്നഭാവം ഇല്ല) എന്നുള്ളതാണ്. അല്ലാഹുവിന്റെ അസ്ഥിത്വം എന്നത് അസ്ഥിത്വം ഇല്ലാ എന്നുള്ളതാണ്. ഇത് സൃഷ്ടിപ്പിനും അപ്പുറമാണ്. സൃഷ്ടിക്കപ്പെട്ടിട്ടുള്ളതിനും അപ്പുറമാണ്.

എങ്കിലും അല്ലാഹു പറയുന്നു. ലിനഫ്സീ, എനിക്ക് വേണ്ടി, അല്ലാഹുവിന് ആരോടും കണക്ക് ബോധിപ്പിക്കേണ്ടതില്ല. അവൻ അവന്റെ വാക്കുകൾ വെളിപ്പെടുത്തുമ്പോൾ, അവന്റെ തന്നെ പ്രാധാന്യത്തെ അവയിലൂടെ ഊന്നിപറയുമ്പോൾ, നമുക്കവനെ പരുഷമായവൻ എന്ന് പറയുവാൻ കഴിയില്ല. അങ്ങനെ പറയുവാൻ ധൈര്യപ്പെടുകയുമില്ല. അല്ലെങ്കിൽ അവൻ, അവൻ തന്നെ സ്വയം നിറഞ്ഞു നില്ക്കുന്ന ഒരു വ്യക്തിയാണ്. (ശൂന്യമായി അല്ലെങ്കിൽ ഗർവോടെ) എന്നു പറയുവാനും കഴിയില്ല. ദൈവം കാക്കട്ടെ! ആരോടും ഒരു കണക്കും കൊടുക്കാതെ, അവൻ ഉദ്ദേശിക്കന്നതെന്തോ, അതു പ്രവർത്തിക്കുവാൻ കഴിയുന്ന ഒരേ ഒരു ജീവനുള്ളവൻ, അവൻ മാത്രമാകുന്നു.

അതുകൊണ്ടാണ് നാമെല്ലാം സൃഷ്ടികളും, അവൻ സൃഷ്ടാവുമായത്. അവന്റെ മുൻകൂട്ടിയുള്ള അനുവാദമില്ലാതെ നമുക്ക് ഒന്നും തന്നെ സൃഷ്ടിക്കുവാൻ സാധിക്കുകയില്ല. അവനുദ്ദേശിക്കുന്നവർക്ക് അവൻ അറിവ് പ്രദാനം ചെയ്യുന്നു. അവനുദ്ദേശിക്കുന്നവരിൽ നിന്നും അറിവും ചിന്താശേഷിയും നീക്കം ചെയ്യുന്നു.

അതുമാത്രമല്ല, റൂഹ് എന്ന വാക്ക് അറിവിന്റെ നിധിയാകുന്നു. മനുഷ്യന്റെ ആത്മീയസത്തയുമായി പ്രധാനമായും ബന്ധിതമാണ്. (റൂഹ്) ദൈവീക വെളിപാടുകൾ സ്വീകരിക്കുവാനുള്ള കഴിവുമായി ബന്ധിതമാണ്. ആത്മീയമായും ശാരീരികമായും ഒരു ദൈവീക മനുഷ്യനായി തീരുവാനുള്ള എല്ലാ കാര്യങ്ങളും എല്ലാ യോഗ്യതകളും, അവൻ അവനിൽ സമ്പൂർണ്ണമാക്കലുമാകുന്നു. അവൻ ദൈവത്തിന്റെ സ്നേഹിതനായിതീരുന്നു. ഭൂമിയിലെ, ദൈവത്തിന്റെ പ്രതിനിധിയായിതീരുകയാകുന്നു. അതുകൊണ്ടാണ് ദൈവീക വെളിപാടുകളുടെ സത്ത (റൂഹ്) എന്ന് പറയുന്നത്. റൂഹുൽ ഖുദ്ദൂസ് (പരിശുദ്ധനായവന്റെ വചനങ്ങളുടെ സത്ത)

അൽബഖറ : 2 : 88, 254

അൽ യാഇദ : 5 : 111

അന്നഹ്ൽ : 16 : 103

അഥവാ റൂഹുൽ അമീൻ, അശ്ശുഅറാഅ് 26 : 194

അർ റൂഹുൽ അമീൻ (വിശ്വസ്തനായവന്റെ വചനസത്ത)

മാത്രവുമല്ല, വിശുദ്ധഖുർആനിലെ, അദ്ധ്യായം 53ൽ, സൂറ : അന്നജ്മിൽ റൂഹുൽ ഖുദൂസ് അവതരിക്കുന്നത് സംബന്ധമായി വളരെ മനോഹരമായി ഹൃദയസ്പർശിയായി വിവരിച്ചിരിക്കുന്നു. അസാധാരണമായ നിലയിൽ അവൻ അവന്റെ തന്നെ സത്ത വെളിപാടുകളുടെ രൂപത്തിൽ എങ്ങനെയാണ് താൻ തെരഞ്ഞെടുത്ത ദൂതന് പകർന്നു നല്കുന്നതെന്ന് വിവരിക്കുന്നുണ്ട്. (അതുകൊണ്ടാണ് നാം അതിനെ ദൈവീക വെളിപാടുകൾ എന്നു പറയുന്നത്) ഹദീസുകളിൽ നിന്നും നമുക്കറിയാവുന്നതുപോലെ, പരിശുദ്ധപ്രവാചകൻ (സ)യുടെ ഏറ്റവും മഹത്വപൂർണ്ണമായ ദർശനം അതായത് ഇസ്റാഅ് മിഅ്റാജ് സംഭവം, ദിവ്യവെളിപാടുകലുടെ മലക്കായ ഹസ്രത് ജിബ്രീൽ(അ) പരിശുദ്ധപ്രവാചകൻ ഹസ്രത് മുഹമ്മദ് (സ)യോടൊപ്പം ഏറ്റവും താഴെയുള്ള ആകാശം മുതൽ സിദ്റത്തുൽ മുൻതഹ: വരെ പോവുകയുണ്ടായി. സൂറ: അന്നജ്മിൽ നിന്നും നമുക്ക് മനസ്സിലാക്കുവാൻ കഴിയുന്നത്, അതായത്, ഹസ്രത് ജിബ്രീൽ (അ) ന് റൂഹുൽ ഖുദ്ദുസിന്റെ ഒരു ഭാഗം മാത്രമാണുണ്ടായിരുന്നത്. പൂർണ്ണമായ സത്ത(റൂഹ്) ഉണ്ടായിരുന്നില്ല. റൂഹുൽ ഖുദൂസിന്റെ അനേക ദൃഷ്ടാന്തങ്ങളിലെ ഒന്നുമാത്രമായിരുന്നു അദ്ദേഹം (മലക്ക് ജിബ്മീൽ). അല്ലാഹു(ത) അവന്റെ വാക്കുകളിലൂടെ ഇത് വ്യക്തമാക്കുന്നുമുണ്ട്. അദ്ദേഹം(ഹസ്രത് മുഹമ്മദ് (സ) അവനെ (അല്ലാഹുവിനെ) വേറൊരിക്കൽ കൂടി കണ്ടിട്ടുണ്ട്. സിദ്റത്തുൽ മുൻതഹായുടെ അരികിൽ വെച്ച്. അതിനടുത്താണ് നിത്യവാസത്തിനുള്ള ഉദ്യാനം. ആവരണം ചെയ്യുന്നതെന്തോ അതെല്ലാം ഇലന്തവൃക്ഷത്തെ ആവരണം ചെയ്യുകയായിരുന്നപ്പോൾ (53:14-17)

അല്ലാഹു (ത) വിശുദ്ധഖുർആനിൽ പറയുന്നു. മനുഷ്യ സൃഷ്ടിപ്പ് വേളയിൽ, കൂടുതൽ കൃത്യമായി പറഞ്ഞാൽ അവന്റെ പ്രതിനിധിയെ( ഖലീഫത്തുല്ലാഹ്) സൃഷ്ടിക്കുമ്പോൾ, അവന്റെ പ്രത്യേകമായ സന്തോഷവാർത്ത മാനവകുലത്തിന് നല്കുകയാണ് ചെയ്യുന്നത്. അങ്ങനെ നാം അവനെ ഏറ്റവും നല്ല നിലയിൽ രൂപപ്പെടുത്തുകയും എന്റെ സത്തയിൽ നിന്നും ഒരംശം ഞാൻ അവനിൽ ഊതുകയും ചെയ്തു കഴിഞ്ഞാൽ നിങ്ങൾ അവനെ (ആ മനുഷ്യനെ) പരിപൂർണ്ണമായി അനുസരിച്ചു കൊണ്ട് അവന് കീഴ്പ്പെടുവിൻ( 15:30) (38:73)

ഈ വിഷയം സംബന്ധമായി വളരെകുറച്ച് അറിവ് മാത്രമെ മനുഷ്യന് നല്കപ്പെട്ടിട്ടുള്ളു. അല്ലാഹു(ത) വിശുദ്ധഖുർആനിൽ പറയുന്നു. അവർ നിന്നോട് (റൂഹ്നെ) സംബന്ധിച്ചു ചോദിക്കുന്നു. പറയുക, റൂഹ്/ എന്റെ നാഥന്റെ കാര്യത്തിൽപ്പെട്ടതാണ്. (തൽസംബന്ധമായ) കുറച്ച് അറിവുകൾ മാത്രമെ നിങ്ങൾക്ക് നല്കപ്പെട്ടിട്ടുള്ളു (17:86)

അല്ലാഹു (ത) വിശുദ്ധഖുർആനിൽ റൂഹിനെപറ്റി പരാമർശിക്കുമ്പോൾ, ദൈവീകവെളിപാടുകളുടെ സത്തയിലേക്കാണ് നമ്മുടെ ശ്രദ്ധ ക്ഷണിക്കുന്നത്. അവന്റെ സാമീപ്യത്തിലേക്കുള്ള ക്ഷണം! മനുഷ്യന് ഒരാത്മാവ് (നഫ്സ്) ഉണ്ട്. അതോടൊപ്പം റൂഹും ഉണ്ട്. ഈ രണ്ടു വാക്കുകളും തമ്മിലുള്ള വ്യത്യാസം നിങ്ങൾക്കു മനസ്സിലാകുന്നതിനു വേണ്ടി, ഞാൻ ഇതു സംബന്ധമായി ഇപ്രകാരം പ്രസ്താവിക്കുകയാണ്. നഫ്സിനെ നമുക്ക് സംസ്ക്കരിക്കുകയും ചെയ്യാം നശിപ്പിക്കുകയും ചെയ്യാം. എന്നാൽ റൂഹിനെ നശിപ്പിക്കുവാൻ കഴിയുകയില്ല. മനുഷ്യൻ അല്ലാഹുമായി ഒരു ബന്ധം സ്ഥാപിക്കുമ്പോൾ, അത് നമസ്ക്കാരത്തിലൂടെ, പ്രാർത്ഥനകളിലൂടെ, ദിക്ക്റുകളിലൂടെ നിലനില്ക്കുന്ന ഒരു ബന്ധം അന്വേഷിക്കുമ്പോൾ, അതിലൂടെ അവൻ അവന്റെ നഫ്സിനെ റൂഹിന്റെ സത്തയുമായി കൂടിചേരുവാൻ പ്രാപ്തമാക്കുന്നു. അതായത് അല്ലാഹു( ത) അവനുമായി അനുഗൃഹീതമായ ബന്ധത്തിനുള്ള ഒരു വഴിതുറക്കുന്നു. പ്രസ്തുത വഴിയിലൂടെ ദൈവീക വെളിപാടുകൾ, (വഹ്യ്) അല്ലെ

ങ്കിൽ സത്യസ്വപനങ്ങൾ (റുഅ്യ) അല്ലെങ്കിൽ സത്യദർശനങ്ങൾ **(കശ്ഫ്)** അഥവാ സത്യബോധനങ്ങൾ **(ഇൽഹാം)** ഉണ്ടാകുന്നു.

നഫ്സനെ സംബന്ധിച്ചിടത്തോളം, അതായതു ആത്മാവ് അല്ലെങ്കിൽ അവന്റെ അന്തർബോധം, കുറെശ്ശെയായി ശുദ്ധീകരിക്കപ്പെടുമ്പോൾ, നഫ്സ് അമ്മാറ: (ദോഷ പ്രവണമായ ആത്മാവ്) മെല്ലെ നഫ്സ് ലവ്വാമ( സ്വയം ശാസകാത്മാവ്)ലേക്ക് എത്തിച്ചേരുകയും ഒടുവിൽ അവൻ അല്ലാഹുമായി പരിപൂർണ്ണമായും ഒരു ബന്ധം (അവിഭാജ്യമായ ഒരു ബന്ധം) ഉണ്ടായിതീരുകയും അവന്റെ പരിശുദ്ധ സത്ത പകർന്നു നല്കുകയും, പ്രസ്തുത അവസ്ഥ പ്രാപിക്കുന്ന വ്യക്തി അഥവാ ആത്മാവ് അറിയപ്പെടുന്നത് നഫ്സ് മുത്‌മഇന്ന (ശാന്തി പ്രാപിച്ച ആത്മാവ്) എന്നറിയപ്പെടുന്നു.

(2011 ആഗസ്റ്റ് 15ന്) ഈ പ്രത്യേക വിഷയത്തിൽ അല്ലാഹു(ത) നല്കിയ സന്ദേശം (റൂഹും നഫ്സും) താഴെ പറയുന്നതാകുന്നു.

ദൈവദൂതന്റെ ആത്മാവ് ശാന്തിപ്രാപിച്ച അവസ്ഥയിലാണുള്ളത്. അദ്ദേഹം മറ്റുള്ളവരെ അവരുടെ ഹൃദയങ്ങളിലേക്ക് ശാന്തി എങ്ങനെ കൊണ്ടെത്തിക്കാമെന്ന് പഠിപ്പിക്കുന്നതാകുന്നു. തീർച്ചയായും മനുഷ്യൻ തന്റെ ഞാനെന്ന ഭാവത്തിന്റെ വിവിധ ഘട്ടങ്ങളിലൂടെ കടന്നുപോകേണ്ടതായിട്ടുണ്ട്. വ്യക്തിഗതകാര്യത്തിലുടെയും, വ്യക്തിയുടെ ഉള്ളിലുള്ള കാര്യത്തിലൂടെയും കടന്നുപോയെങ്കിൽ മാത്രമെ, മനസ്സിന്റെയും ആത്മാവിന്റെയും മനോഹരമായ ഉയരങ്ങളിലേക്ക് എത്തിപ്പിടിക്കുവാൻ സാധിക്കുകയുള്ളു. മനസ്സ് ഭൗതിക ശരീരത്തിന് മാർഗനിർദ്ദേശം നല്കുന്നു. നേരെമറിച്ച് ആത്മാവ് ശരീരത്തിന് ആത്മീയമായി മാർഗനിർദ്ദേശം നല്കുന്നു.

വിശുദ്ധഖുർആനിൽ അല്ലാഹു(ത) പറയുന്നു. ദൈവാശിസ്സുകൊണ്ട് ശാന്തിപ്രാപിച്ച ആത്മാവേ, നിന്റെ രക്ഷിതാവിലേക്ക് നീ അവനിൽ സംതൃപ്തനായും, അവൻ നിന്നിൽ സംതൃപ്തനായുമുള്ള നിലയിൽ മടങ്ങിചെല്ലുക. എന്റെ ഭക്തദാസരുടെ കൂട്ടത്തിൽ ചേരുകയും എന്റെ ആരാമമാകുന്ന സ്വർഗ്ഗത്തിൽ പ്രവേശിക്കുകയും ചെയ്യുക. 89:28-31(സൂറത്തുൽഫജ്ർ)

മനുഷ്യമനസ്സിന് ഗ്രഹിക്കുവാൻ കഴിയാത്ത തരത്തിലുള്ള തലത്തിലേക്ക് ആത്മാവ് അല്ലാഹുമായുള്ള സംസർഗത്തിലൂടെ (ആശയവിനിമയത്തിലൂടെ) ഉയരങ്ങൾ താണ്ടുന്നു. യഥാർത്ഥത്തിൽ ഒരു പരിധിവരെ മനസ്സ് അത് ഗ്രഹിക്കുന്നുണ്ട്, എന്നാലത് അന്തർബോധത്തോടെയല്ല. ആത്മാവിന് അല്ലാഹുമായി പ്രത്യേക തരത്തിലുള്ള ഒരു ബന്ധമാണുള്ളത്. അല്ലാഹുവിൽ നിന്നുള്ള ദൈവീക അനുഗ്രഹവാർത്ത അഥവാ ദൈവീക ക്രോധ വാർത്ത അത് സ്വീകരിക്കുന്നു. ആത്മാവിനെ തുടച്ചുവൃത്തിയാക്കുന്നതിലൂടെ, ഒരളവോളം, മനസ്സിനെയും കഴുകിവൃത്തിയാക്കുവാൻ സാധിക്കുന്നതാണ്. അതിനാണ് മനഃശുദ്ധീകരണം എന്നു പറയുന്നത്. ഹൃദയ സാമ്രാജ്യത്തിൽ തഖ്വ എത്തിച്ചേരുമ്പോൾ, ദൈവീക ഇച്ഛയ്ക്ക് കീഴടങ്ങി, സുഗന്ധ സ്പർശമേല്ക്കുമ്പോൾ, മനഃശുദ്ധീകരണവുമുണ്ടാകുന്നു. ദൈവീക വെളിപാടുകൾ സ്വീകരിക്കുന്നത് ആത്മാവാകുന്നു. വെളിപാട് സമയത്ത് അല്ലാഹുമായി ബന്ധപ്പെടുന്നത് ആത്മാവ് മാത്രമായിരിക്കും. പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ)ന് സംഭവിച്ചത് അതായിരുന്നു. അദ്ദേഹത്തിനായി ദർശനത്തിന്റെ വാതിൽ തുറക്കപ്പെടുമ്പോൾ, അവിടെ തന്റെ ആത്മാവ് ദൈവീക വെളിപാടിന്റെ സമാധാനത്തിന്റെ പ്രകാശം കാണുകയുണ്ടായി. പ്രസ്തുത പ്രകാശം അദ്ദേഹത്തെ തന്റെ രക്ഷിതാവിന്റെ അടുത്തേക്ക് കൂട്ടികൊണ്ടു പോയി.

ജിബ്രീൽ (അ) ഒരു സ്റ്റേജിൽ നിന്ന് മറ്റൊരു സ്റ്റേജിലേക്ക് പിന്തുടരുകയുണ്ടായി. സൃഷ്ടികളിൽ മറ്റൊരാൾക്കും എത്തിപ്പെടാൻ കഴിയാത്ത ഒരു സ്റ്റേജിലേക്ക് അദ്ദേഹം എത്തിച്ചേർന്നു. മാലാഖമാർക്ക് പോലും അവിടം പ്രാപ്യമല്ല. കാര്യം അങ്ങനെ ഇരിക്കെ, മലക്കുകൾക്കു തന്നെ, തങ്ങളുടെ പ്രകാശ ശരീരത്താൽ എത്തിപ്പെടാൻ കഴിയാത്ത ദൈവ സവിധത്തിൽ, പിന്നെ എങ്ങനെയാണ് മനുഷ്യ മനസ്സിനെ അപൂർണ്ണമായ ഗുണവിശേഷത്തോടെ, പ്രസ്തുത ആശയം ഉൾക്കൊള്ളുവാൻ സാധിക്കുന്നത്, അതായത് പരിശുദ്ധ പ്രവാചകൻ (സ)ആകാശങ്ങളിൽ പോയി, എന്ന വാർത്ത, അല്ലാഹുവിലേക്ക് അദ്ദേഹം

ശരീരത്തോടെ പോയി, എന്നും പ്രസ്തുത ശരീരത്തിലെ താത്ക്കാലിക നയനങ്ങൾ കൊണ്ട് പ്രസ്തുത കാഴ്ചകൾ കണ്ടു എന്നതും ! മാലാഖമാർക്ക് ആത്മാക്കളില്ല. പിന്നെ അവരുടെ സത്ത എന്ന് പറയുന്നത് തന്നെ ദൈവീക പ്രകാശമാകുന്നു. അവർക്ക് ഒരേ ഒരു അസ്ഥിത്വമെയുള്ളു. നേരെമറിച്ച് മനുഷ്യന് രണ്ട് അസ്ഥിത്വങ്ങളുണ്ട്. അവന് രണ്ട് ഭിന്ന ലോകങ്ങളിൽ നിലനില്ക്കുവാൻ സാധിക്കുന്നതാണ്. താത്ക്കാലിക ലോകത്തും ആത്മീയലോകത്തും! ഈ രണ്ട് ജീവിതവും നാം ജീവിക്കുന്നത്, ഒരേ സമയം ഈ ഭൂമി ലോകത്തും സമാന്തരമായ മറ്റൊരു ലോകത്തും അതായത് സത്യസ്ഥിതി വെളിവാക്കിത്തരുന്ന ലോകത്തും! മനുഷ്യൻ ഭൂമിയിൽ നടക്കുമ്പോൾ, ജോലിചെയ്യുമ്പോൾ, കായികധ്വാനം ചെയ്യുമ്പോൾ അവൻ താത്ക്കാലികമായി അവിടെ ജീവിക്കുന്നു. അതേ സമയം അവൻ ധ്യാനത്തിലായിരിക്കുമ്പോൾ, പ്രാർത്ഥനയിലായിരിക്കുമ്പോൾ, നിദ്രയിലായിരിക്കുമ്പോൾ, ദൈവസ്മരണയിലൂടെ നിദ്രപ്രാപിക്കുമ്പോൾ, അവൻ ആത്മീയമായി ജീവിക്കുകയാണ്.

ആത്മീയത നമുക്ക് അനുഭവവേദ്യമാകുന്നതാണ്. ശരീരത്തിന്റെയും, ആത്മാവിന്റെയും സഹായത്തോടെ! ആത്മീയതകൊണ്ടർത്ഥമാക്കുന്നത്, അന്തർബോധവുമായി, ഒരു യഥാർത്ഥ ബന്ധമുണ്ടാക്കലാണ്, അത് നമ്മുടെ ശ്രദ്ധയെ അല്ലാഹുവിലേക്ക് കൊണ്ടു പോകുന്നു. നമ്മുടെ സൃഷ്ടാവായവനിലേക്ക്! അനേകം മതങ്ങൾ ആത്മീയത എന്ന ആശയത്തെ അവരുടേതായ നിലയിൽ നിർവ്വചിച്ചിരിക്കുന്നു. എന്നാൽ സത്യം ഇതാകുന്നു. അതായത് അവർ കാണുന്നത് അല്ലാഹുവിനെയാകുന്നു. അവർ ധ്യാനത്തിലായിരിക്കുമ്പോൾ, ദൈവീക പ്രകാശംകൊണ്ട് അവരുടെ ജീവിതത്തെ നിറയ്ക്കുന്നു. അല്ലാതെ ആചാര്യന്മാരോ, (വലിമാർ) പ്രവാചകന്മാരോ, അവതാരങ്ങളോ, പീർ (സന്യാസി) മാരോ അല്ല. ദൗർഭാഗ്യവശാൽ അവർക്ക് ലഭിക്കുന്ന പ്രകാശം അവരുടെ വിവിധ ദൈവങ്ങളിൽ ആരോപിക്കുകയാണ്. അങ്ങനെ അവർ കുഴപ്പത്തിന്റെ കുഴിയിൽ ചാടുകയാണ്. അങ്ങനെ അവർ അവിശ്വാസത്തിലേക്ക് കാലിടറി വീഴുകയാണ്. അത് പിന്നെ

വലിയ അവിശ്വാസത്തിലേക്ക് നീങ്ങുന്നു. എന്നാൽ അവരെ സംബന്ധിച്ചിടത്തോളം അവർക്ക് ലഭിക്കുന്ന പ്രകാശം ദൈവത്തിൽ നിന്നാണ്. എന്നാൽ അത് യഥാർത്ഥമായ സർവ്വശക്തനായ ദൈവത്തിൽ നിന്നുള്ളതല്ല. അവർ സൃഷ്ടിച്ച അവരുടെ ദൈവത്തിൽ നിന്ന്, അഥവാ അവരുടെ ഭാവനയിലുള്ള ദൈവത്തിൽ നിന്ന്!

ദൈവീക വെളിപാട് ഹാനിവരുത്താവതല്ല. നേരെ മറിച്ച പൈശാചിക വെളിപാട് നിസ്സാരമായി ഹാനിവരുത്താവുന്നതാണ്. അതിന്റെ നിലനില്പ് തന്നെ ബലഹീനമാണ്. അല്പകാലത്തേക്കു മാത്രമുള്ളതാണ്. ദൈവീക വെളിപാടുകൾ ഒരു പ്രത്യേകതരം പ്രകാശം വഹിക്കുന്നതാണ്. അത് ആത്മാവിനെ ദൃഢമണ്ഡലത്തിലേക്ക് ഉത്തേജിപ്പിക്കുകയും, അല്ലാഹുവിൽ ഭരമേല്പിക്കുകയും ചെയ്യുന്നതാണ്. നിഷ്ക്കളങ്ക ദാസന് ഒരു ശാന്തത ലഭ്യമാവുകയും ചെയ്യുന്നു. കാരണം അവന് ആകാശഭൂമികളുടെ രക്ഷിതാവുമായുള്ള ബന്ധം അത്രത്തോളം ദൃഢതരമാകുന്നു. ആത്മാവ് ശാന്തി പ്രാപിക്കുന്നു. അത് അബോധമായ നിലയില്ല. ഈ സമാധാനം മുന്നോട്ടു നയിക്കുന്ന ഒരുപകരണമായി തീരുന്നു. ഇതവരുടെ നിത്യജീവിതത്തിൽ പൂർണ്ണമായും അനുഭവവേദ്യമാകുന്നു. അവർ എന്തുതന്നെ ചെയ്താലും, അവർ എങ്ങോട്ടു പോയാലും! അതു കൊണ്ടുതന്നെ ആത്മാവിനെപറ്റിക്കുവാൻ സാധിക്കുകയില്ല. എന്നാൽ മനസ്സിനെ പറ്റിക്കുവാൻ അഥവാ ചതിക്കുവാൻ സാധിക്കുന്നതാണ്. സാത്താനിക വെളിപാടുകൾ, ഒരു വ്യക്തിയിൽ ഇറങ്ങിക്കൊണ്ടിരിക്കുമ്പോഴെല്ലാം മനസ്സ് അതിന്റെ യഥാർത്ഥ രൂപത്തിൽ നിലകൊള്ളുന്നില്ലെങ്കിൽ, സാത്താനിക വെളിപാടുകൾ കാണുകയും ചെയ്യുകയാണെങ്കിൽ, ആത്മാവ് അതിനെ ക്രമപ്പെടുത്തുകയും ചെയ്താൽ, മനസ്സ് ആത്മാവിനെ ആക്രമിച്ച് പൂർണ്ണമായും കീഴ്പ്പെടുത്തുന്നതാണ്. ദുഷ്ടജനങ്ങൾ ചെയ്യുന്നത് അതാണ്, അവരുടെ ആത്മാവിന്റെ അവസ്ഥയെ മനസ്സ് മറികടക്കുമ്പോൾ, അത്തരം അവസ്ഥയിൽ, അവർ സാത്താനിക സ്വാധീനത്തിന് വശംവദരർ ആയി തീരുന്നു. ദൈവീകഗുണം അപ്രത്യക്ഷമാവുകയും, അവരിലത് ജന്മനാ ലഭ്യമായതായിരുന്നു, അവരുടെ

ജനനം മാതാക്കളിലുണ്ടായ സമയം തന്നെ! അതുകൊണ്ടാണ് പറയുന്നത് നന്മയും തിന്മയും മനുഷ്യനിൽ ചേർന്നു നില്ക്കുകയാണ്. രണ്ടു സത്തകളും അവന്റേതാണ്. അവനാണ് തീരുമാനിക്കേണ്ടത് അവന്റെ ഈ ഉത്തേജക വസ്തുക്കളെ ഏതുവഴിക്ക് തിരിച്ചുവിടണമെന്ന്! ശരിയായ ദിശയിൽ വേണമോ അതോ വേണ്ടയോ? അതിനുള്ള അവസരം അവന്റെ മുന്നിലുണ്ട്. അതെല്ലാം ചെയ്യേണ്ടത് അവനാണ്, അവൻ അപഗ്രഥിക്കണം, വിശകലനം ചെയ്യണം എന്നിട്ട് അതിന്മേൽ നടപടി സ്വീകരിക്കണം. ഒരു മോശമായ കാര്യം അവൻ പരിഗണിക്കുമ്പോൾ, അവൻ അതിനൊരു വിരാമമിടണം, അത് അവനെ സ്വാധീനിക്കുന്നതിനു മുൻപ്, അവനെ വഴിതെറ്റിക്കുന്നതിനു മുൻപ്! പലപ്പോഴും നല്ല ആളുകൾ തരംതാണു പോകുന്നത് നാം കാണുന്നു. ഒരു പ്രവാചകന്റെ അനുയായിപോലും അപ്രകാരമാകാം. അനുചരൻ കരുതുന്നു അവന് ലഭിക്കുന്ന വെളിച്ചം, അവന് സ്വയം ലഭിക്കുന്നതാണെന്ന്! അവന്റെ പ്രവാചകനെക്കാളും അല്ലാഹു അവനെ സ്നേഹിക്കുന്നു എന്ന് കരുതുന്നു. കാരണം അവന് വെളിപാടിന്റെ പ്രകാശം പ്രസ്തുത അളവിൽ ലഭിച്ചിരിക്കുന്നു. എന്നാൽ ഇത് തെറ്റായ ഒരു നീക്കമാകുന്നു. അതവന് നിത്യനാശത്തിന് കാരണമാകുന്നു.

ഒരു പ്രവാചകന്റെ കാലത്ത്, അദ്ദേഹത്തിന്റെ ആഗ്രഹം, അല്ലാഹു ജനങ്ങളുടെ മേൽ അവന്റെ പ്രകാശം, വ്യാപിപ്പിക്കണം എന്നതായിരുന്നു. അതവർക്ക് സത്യത്തിനുള്ള ഒരുറപ്പ് എന്ന നിലയിൽ! പ്രസ്തുത പ്രകാശം, അതായത് വെളിപാട് ! അതിലൂടെ ജനങ്ങൾ ബോധവാന്മാരാകണം, പ്രവാചകന് ലഭിക്കുന്ന വെളിപാടുകൾ സത്യമാണെന്ന്! അങ്ങനെയാവുമ്പോൾ അവർ പ്രവാചകന്റെ അടുത്തുവരികയും അല്ലാഹുവിന്റെ മാർഗത്തെ സ്വീകരിക്കുകയും അവരുടെ കാലത്തുള്ള പ്രവാചകനിൽ ബൈഅത്ത് ചെയ്യുകയും ചെയ്യുമല്ലോ.

ദൈവീക സന്ദേശത്താൽ ജനങ്ങൾ അനുഗൃഹീതരായപ്പോൾ, ഒരു പ്രവാചകന്റെ സാന്നിദ്ധ്യത്തിൽ, അതാണ് ഈ പ്രവാചകന്റെ ഏറ്റവും വലിയ അടയാളം, സുവിശേഷങ്ങളിൽ എഴുതപ്പെട്ടിരിക്കുന്നു.

സാധാരണ ആളുകൾക്കുപോലും പ്രവചനം നടത്തത്തക്ക അവസ്ഥയിലെത്തുകയുണ്ടായി. മുൻകഴിഞ്ഞ പ്രസ്തുത ദിനങ്ങൾ ഇതാ നിങ്ങളുടെ മുൻപാകെ വന്നിരിക്കുന്നു. ഇതാ നിങ്ങളുടെ ഇടയിൽ ഒരു പ്രവാചകൻ ഹാജരായിരിക്കുന്നു. പ്രസ്തുത ദൈവത്തിന്റെ പ്രവാചകനോ മുഴുലോകത്തേക്കും വേണ്ടിയുള്ളവനാണ്. ഞാൻ വന്നിരിക്കുന്നത് പ്രചാരണ പ്രവർത്തനം നടത്തുവാനല്ല. അല്ലെങ്കിൽ പ്രസിദ്ധി ആർജ്ജിക്കുവാനുമല്ല. ഞാൻ വന്നിരിക്കുന്നത് ജനങ്ങളെ അല്ലാഹുവിലേക്ക് നയിക്കുന്നതിനാണ്. അവർ അവരുടെ സൃഷ്ടാവിനെ മനസ്സിലാക്കുന്നതിനുവേണ്ടി ആരാധനയിൽ അവന് ഒരു പങ്കുകാരെയും സ്ഥാപിക്കാതിരിക്കുന്നതിനുവേണ്ടി-

ഓരോരുത്തരം മനസ്സിലാക്കിയിരിക്കേണ്ട ഒരു കാര്യമാണ്, വിശുദ്ധഖുർആനിലൂടെ അല്ലാഹു(ത) നല്കിയിട്ടുള്ള എല്ലാ കല്പനകളും അനുസരിക്കുക എന്നതും മുഹമ്മദ് മുസ്തഫ (സ) യുടെ ചര്യ അതേപടി പിന്തുടരുക എന്നതും അവന്റെ കാലഘട്ടത്തിലെ അല്ലാഹുവിന്റെ ദൂതനെ അനുസരിക്കുകയും അദ്ദേഹത്തോടൊപ്പം ചേരുകയും ചെയ്യുക എന്നതും നിർബന്ധമായ കാര്യമാകുന്നു. ഈ നൂറ്റാണ്ടിലെ ജനങ്ങൾക്ക് ഒരു സാക്ഷിയായിട്ടാണ് ഞാൻ നിയോഗിതനായിരിക്കുന്നത്. നിങ്ങളെല്ലാവരും അല്ലാഹുവിന്റെ മുമ്പിൽ കണക്ക് ബോധിപ്പിക്കേണ്ടതായി വരും! എന്റെ മുമ്പിലല്ല! എനിക്ക് നിങ്ങളുടെ ഹൃദയങ്ങൾക്ക് മാറ്റം വരുത്തുവാൻ കഴിയില്ല. പിന്നെ എനിക്കു ചെയ്യുവാൻ കഴിയുന്നത് അല്ലാഹുവിന്റെ സന്ദേശം നിങ്ങൾക്ക് നല്കുവാൻ കഴിയും എന്നതാണ്. അല്ലാഹുവിന്, അവനു മാത്രമെ ആരുടെ ഹൃദയത്തിനാണ് പ്രകാശം നല്കേണ്ടതെന്നറിയുകയുള്ളൂ. ആത്മാവ് ദൈവീക ബന്ധത്തിനായി ദാഹിക്കുകയാണെങ്കിൽ, അതു മുന്നോട്ട് വരേണ്ടതുണ്ട്, അതിന്റെ യഥാർത്ഥ നിലനില്പിനും സത്തയ്ക്കുമായി പ്രസ്തുതകളത്തിലേക്ക് കുതിച്ചു ചാടേണ്ടതാണ്. അപ്പോൾ പ്രസ്തുത ആത്മാവ് പ്രകാശമാനമായിതീരും. അത്തരം സാഹചര്യത്തിൽ അല്ലാഹു(ത) അവനെ അഥവ അവളെ അവന്റെ മാർഗത്തിൽ ഉപയോഗിക്കുന്നതാണ്. അവന്റെ ഖലീ

ഫത്തുല്ലായോടൊപ്പം! മനസ്സ് ചിലത് ആഗ്രഹിക്കുന്നു. ശരീരമോ ദുർബലവുമാണ്. ചിലപ്പോൾ മനസ്സും ദുർബലമായിരിക്കും. എന്നാൽ ആത്മാവ് ശക്തവുമായിരിക്കും. ആത്മാവ് ശക്തമായിരിക്കുമ്പോൾ മനസ്സിന്റെ ദുർബലതയെ കീഴ്പ്പെടുത്തുവാൻ കഴിയുന്നതാണ്. അപ്പോൾ വേഗതയിൽ ചലിക്കുന്ന ഒരു വാഹനം പോലെ അത് പ്രവർത്തനക്ഷമമാകുന്നതാണ്. അല്ലാഹു(ത)യുടെ നിർദ്ദേശങ്ങൾ നടപ്പിലാക്കുവാൻ ഖലീഫത്തുല്ലായോടൊപ്പം ചേർന്നു പ്രവർത്തിക്കുവാനും തയ്യാറാകുന്നു.

ശാന്തമായ ആത്മാവ്, റൂഹിന്റെ സമ്പൂർണ്ണതയുടെ പ്രാതിനിധ്യം വഹിക്കുന്നതാണ്. ശാന്തമായ ആത്മാവ്, മാനവന്റെ കൂടുതൽ നന്മയുടെ അവസ്ഥയാണ്. അത്തരം അവസ്ഥയിൽ അവൻ ദൈവത്തിന്റെ പൂർണ്ണ അനുസരണമുള്ള ദാസനായി മാറുന്നു.

ഏറ്റവും നല്ലനിലയിൽ അല്ലാഹുവിനായി അവൻ സേവനം ചെയ്യുന്നതാണ്. മുത്മഇന്ന സ്റ്റേജിൽ എത്തുന്നതിനു മുൻപ്, അവന്റെ ഈഗോ, പലതരം പരീക്ഷണങ്ങളിലൂടെ കടന്നുപോകേണ്ടതുണ്ട്. ആത്മാവ് എന്നതുകൊണ്ട് യഥാർത്ഥത്തിൽ അർത്ഥമാക്കുന്നത്, ഒരാൾക്ക് ദൈവീക പ്രകാശം ലഭിക്കുക എന്നതാണ്. അതായത് ദൈവീക വെളിപാടുകൾ ലഭിക്കുക ! മലക്കുകൾ മനുഷ്യരെപോലെ ആയിരുന്നെങ്കിൽ, വെളിപാടുകൾ നല്കുന്ന മലക്കിനെ അല്ലാഹു നഫ്സ് എന്ന് വിളിക്കുകമായിരുന്നു. അത് നൈസർഗികമായ വെളിപാടുകൾ വഹിക്കുമായിരുന്നു. എന്നാൽ ഒരു വസ്തുത അവശേഷിക്കുകയാണ്, അല്ലാഹു(ത) വ്യക്തമായി പറയുന്നു. വെളിപാടിന്റെ മലക്ക് ഇറങ്ങുന്നതാണ് എന്നതിന് ഉപയോഗിച്ച വാക്ക് റൂഹ് എന്നാണ്. (സൂറ:അൽഖദ്ർ) അങ്ങനെ മനുഷ്യന് വ്യക്തമായും ചൂണ്ടികാണിക്കുകയാണ്. അവർക്ക് അധീനമാകുന്ന റൂഹ് ഇപ്രകാരമുള്ളതാണ്. അതായത് ഏതുസമയത്തും ദൈവീക വെളിപാടുകൾ സ്വീകരിക്കുവാൻ കഴിയുന്നതാണ്. വ്യവസ്ഥ ഇതാണ് എല്ലാ ദൈവീക കല്പനകളും അനുസരിക്കുന്നതിലൂടെ അവർ കടന്നു പോകണം. അത് അല്ലാഹു അംഗീകരിക്കുകയും ചെയ്യണം. അപ്പോൾ പ്രസ്തുത അനുഗ്രഹം/ വരം അവർക്ക് ലഭിക്കുന്നതാണ്.

പരിശുദ്ധപ്രവാചകൻ മുഹമ്മദ് (സ)യുടെ കാര്യത്തിൽ, മിഅ്റാജ് സംബന്ധമായി മറ്റൊരു വിശദീകരണമുള്ളത്, വെളിപാടുമായി വരുന്ന മലക്ക് ജിബ്രീൽ (അ)നെക്കാൾ അദ്ദേഹത്തിനുള്ള മേൽക്കോയ്മയാണ്, അത് സുവ്യക്തവുമാണ്. പ്രസ്തുത സംഭവത്തിൽ എന്തുകൊണ്ട്, പ്രസ്തുത റൂഹ് അധീനത്തിലുണ്ടായില്ല. ദൈവീക വെളിപാടുകൾ സ്വീകരിക്കുവാൻ തക്കനിലയിൽ! എന്നാൽ നഫ്സെ മുത്മഇന്നയുടെ സമ്പൂർണ്ണ സത്ത അദ്ദേഹം കടന്നുപോയിട്ടുണ്ടായിരുന്നുവല്ലോ! അദ്ദേഹം സ്വായത്തമാക്കിയ റൂഹും അദ്ദേഹം വെളിപ്പെടുത്തിയ നഫ്സും, തമ്മിൽ അത്തരമൊരു ഐക്യത്തിലായിരുന്നു. ചിന്തകളുടെ ഒരേ ദിശയിൽതന്നെ ആയിരുന്നു. ഞാനതിനെ ഇങ്ങനെ പറയുവാനാണ് ആഗ്രഹിക്കുന്നത്. അതായത് മറ്റൊരു മനുഷ്യനും തന്റെ മനസ്സും ആത്മാവും സമ്പൂർണ്ണമായ ഏകകാലിക സംഭവത്തിന് ഇതുപോലെ എത്തിച്ചേരുന്ന കാര്യത്തിൽ വിജയിക്കുവാൻ കഴിഞ്ഞിട്ടില്ല. (ഞാനെന്ന ഭാവത്തെ സമ്പൂർണ്ണമായും മെരുക്കിയ അവസ്ഥ) മറ്റു ദൈവീക പ്രവാചകന്മാർക്കും ഇത് ലഭ്യമാണ്. എന്നാൽ പരിശുദ്ധ പ്രവാചകൻ മുഹമ്മദ്(സ) എത്തിയ അതേ അളവിൽ. സമ്പൂർണ്ണ ഐക്യത്തിലാവാൻ സാധിക്കുകയില്ല. എല്ലാനിലയിലും അദ്ദേഹത്തിന്റെ മേൽക്കോയ്മയുടെ പദവി അനന്തമായി ഉയർന്നു തന്നെ നില്ക്കുന്നതാണ്. അതിനെ സാധൂകരിച്ചുകൊണ്ട് അല്ലാഹു(ത) പറയുന്നു. താങ്കൾ തീർച്ചയായും അതിമഹത്തായ ഗുണഗണങ്ങളോടു കൂടി ആൾ ആകുന്നു. ഈ അതിമഹത്തായ ഗുണങ്ങൾ സ്വായത്തമാകുന്നത്. അദ്ദേഹത്തിലെ ഞാനെന്ന ഭാവത്തെ സംശുദ്ധീകരിക്കുന്നതിലൂടെയാണ്, അങ്ങനെ അദ്ദേഹത്തിന്റെ അവബോധമനസ്സ്, ദൈവീക ഇച്ഛയ്ക്ക് അനുകൂലമായി പ്രവർത്തിക്കുവാൻ തുടങ്ങുന്നു. ഭൂമിയിലെ തന്റെ തന്നെ നിലനില്പിന്റെ ആധാരവും അതുതന്നെയായി മാറുന്നു. മറ്റൊരു വാക്കിൽ പറഞ്ഞാൽ, ദൈവീക ഇച്ഛയ്ക്ക് കീഴടങ്ങുക. ദൈവീക വിധിക്ക് കീഴടങ്ങുക.

മാലാഖമാർക്ക് നഫ്സും റൂഹും അവരുടെ അധീനതയിലില്ല. എന്നാൽ പ്രത്യേക നിലയിൽ രൂപ കല്പന ചെയ്തിരിക്കുന്ന റൂഹ്,

അവരിൽ തന്നെയുണ്ട്. മനുഷ്യർക്ക് നഫ്സ് തങ്ങളുടെ അധീനതയിലുണ്ട്. എന്നാൽ പ്രസ്തുത നഫ്സ് മറഞ്ഞുകിടക്കുന്ന അസംസ്കൃതമായ ബീജം പോലെയാണ്. അതിനെ പുറത്തെടുത്തു മിനുസപ്പെടുത്തി എടുക്കേണ്ടതുണ്ട്. അങ്ങനെയായാൽ അത് സമ്പൂർണ്ണനിലയിൽ പ്രകാശഭരിതമാകും. അല്ലാഹുവിന്റെ മുന്നിൽ അത് അമൂല്യങ്ങളായി തീരുകയും ചെയ്യുന്നതാണ്. സാത്താനാണ് മനുഷ്യന്റെ ഏറ്റവും കയ്പ്പേറിയ ശത്രു. അവന്റെ സൈന്യം നമ്മിൽ തന്നെ അനന്തരമായി ഇറങ്ങിയിരിക്കുകയാണ്. നമ്മുടെ രക്തത്തിൽ അവൻ കലർന്നിരിക്കുകയാണ്. നമുക്ക് ലഭിക്കുന്ന ദൈവീക ജലത്തിൽ നിന്നും നമ്മെ തെറ്റിച്ചുകളയുന്നതിനായി! ആരുടെ നഫ്സ്കളെയും റൂഹുകളെയും സംസ്കരിച്ചെടുക്കുന്നില്ലയോ, ദൈവീകസമാധാനത്തിലേക്ക് എത്തിച്ചേരുവാൻ ഇവയെ രണ്ടിനെയും പ്രവർത്തിപ്പിക്കുന്നില്ലയോ അപ്പോൾ, സാത്താനും സൈന്യവും നമ്മുടെ മേൽ വിജയം ഉറപ്പിക്കുന്നതാണ്. സമാധാനം ആകുന്നു മനുഷ്യനെ ദൈവത്തിലേക്ക് നയിക്കുന്നത്. സമാധാനമില്ലാതെ, അവന് വിശ്വാസത്തെ ആർജ്ജിക്കുവാൻ സാധിക്കുകയില്ല. അല്ലാഹുവിന്റെ ഗ്രന്ഥത്തിലുള്ള തെളിവുകൾ നേടാനും കഴിയില്ല. എന്റെ ലക്ഷ്യത്തിലെത്താനും കഴിയില്ല, ലക്ഷ്യമോ അല്ലാഹു ആകുന്നു. അതുകൊണ്ടാണ് അല്ലാഹു(ത) സൂറ : അൽ ഖദ്റിൽ പറയുന്നത് അത് സമാധാനമാകുന്നു ഉദയം വരെ. സമാധാനം അഥവാ ശാന്തത കൈവരുന്നത് സാധാരണയായി രാത്രിയിലെ നിദ്രയിലാണ്, അപ്പോൾ അവൻ, ഈ താത്ക്കാലില ലോകത്ത് എന്താണ് നടക്കുന്നത് എന്നറിയുന്നില്ല. അവന്റെ ദൈനംദിന പ്രശ്നങ്ങളും അവനറിയുന്നില്ല. എന്നാൽ സമാധാനം, ഈ വചനത്തിലൂടെ വ്യക്തമാക്കുന്നത്, അല്ലാഹുവിന്റെ ദാസൻ, അവൻ തന്നിൽ എന്തുതന്നെ കണ്ടെത്തിയാലും, അവന്റെ അവസ്ഥ എന്തു തന്നെ ആയാലും ശരി, അവൻ അല്ലാഹുവിൽ നിന്നുവരുന്ന ഈ സമാധാനത്തിന്റെ അവകാശിയാണ് ഈ സമാധാനം അല്ലാഹു(ത) അവന്റെ മേൽ ഏകോപിപ്പിച്ചശേഷം, അവന് ഭൂമിയിലൂടെ നടക്കാം, അവന്റെ ഉത്തരവാദിത്വങ്ങൾ, വിശ്വാസത്തോടെയും

അല്ലാഹുവിൽ ഭരമേല്പിച്ചും, നിറവേറ്റുവാൻ കഴിയും. അവൻ അനുഭവിക്കുന്ന പ്രസ്തുത സമാധാനം അവന്റെ റൂഹിൽ നിന്നുമാണ് വരുന്നത്. എന്തുകൊണ്ടെന്നാൽ റൂഹുൽ ഖുദൂസ് അവന്റെ മേൽ സ്പർശിക്കുന്നതിലൂടെയാണ് പ്രസ്തുത സമാധാനം അനുഭവിക്കുന്നത്. ഈ വസ്തുതകൾ ഈ നൂറ്റാണ്ടിലെ ദൈവദൂതന്റെ കാര്യത്തിൽ തികച്ചും സത്യമായതാകുന്നു. പരിശുദ്ധ റൂഹ് അദ്ദേഹത്തെ സ്പർശിച്ചിരിക്കുന്നു. അതു ഒരു സമയത്തുണ്ടായ ഒരു കാര്യമല്ല. ഭൂമിയിലെ അദ്ദേഹത്തിന്റെ ജീവിതത്തിലുടനീളം പരിശുദ്ധ റൂഹിന്റെ സ്പർശം ഉണ്ടാകുന്ന കാര്യമാകുന്നു. അത് ദൈവീക ഉറവിട ശക്തിയായ അല്ലാഹു(ത)യുമായി അദ്ദേഹത്തെ ബന്ധിപ്പിക്കുന്നതുമാകുന്നു.

ദൈവീക ജലാശയത്തിൽ നിന്നും ഒരു ദൈവീക മനുഷ്യൻ ആഗതനാകുമ്പോൾ, സാത്താനാൽ അവൻ പ്രേരിപ്പിക്കപ്പെടുന്നവനായി തീരും. കാരണം സാത്താന്റെ വാസം അവനിൽ ജന്മനാ ഉള്ളതാകുന്നു. അവൻ അദ്ദേഹത്തെ പ്രവാചകത്വ പാതയിൽ നിന്നും വഴിതെറ്റിക്കുവാൻ കഠിനയത്നം ചെയ്യുന്നതാണ്. പലപ്പോഴും, ഒരു ദൈവദൂതനും, സാത്താന്റെ മധുരവാക്കുകളിൽ കാലിടറി വീഴാവുന്നതാണ്. കാരണം ഇത് ദൈവീക വചനങ്ങളാണെന്ന് തെറ്റിദ്ധരിച്ചുകൊണ്ട്! പക്ഷേ കൂടുതൽ നാൾ അതു തുടരുവാൻ കഴിയില്ല. കാരണം അല്ലാഹുവിന്റെ യഥാർത്ഥ ദൂതൻ പെട്ടെന്നുതന്നെ, തന്നെ നിയോഗിച്ചവനുമായി കാലപ്പൊരുത്തമുണ്ടാവുകയും,അതുകൊണ്ടുതന്നെ തന്റെ ദൗത്യവുമായി മുന്നോട്ടു പോകുവാൻ കഴിയുന്നതുമാണ്. ശാന്തിയോടെ, വിശ്വാസത്തോടെ, സമർപ്പണത്തോടെ, അല്ലാഹു(ത)യുടെ സ്നേഹത്തോടെ!

തീർച്ചയായും അല്ലാഹു(ത) തെരഞ്ഞെടുത്ത ദൂതന്മാരെ സാത്താൻമാർക്ക് വഴിതെറ്റിക്കുവാൻ സാധിക്കുകയില്ല. ഇനി ആരെയെങ്കിലും സാത്താൻ വഴിതെറ്റിക്കുകയാണെങ്കിൽ, പ്രസ്തുത സാത്താനിക അവസ്ഥയിൽ അവൻ മരണപ്പെടുകയും ചെയ്യുകയാണെങ്കിൽ, പ്രസ്തുത വ്യക്തി ഒരിക്കലും അല്ലാഹു(ത) തെരഞ്ഞെടുത്ത

ദാസന്റെ സത്ത ആവുകയില്ല. കഴിഞ്ഞകാല ഉദാഹരണങ്ങൾ പലതും നമുക്ക് ചൂണ്ടികാണിക്കുവാനുണ്ട്. അത്തരം പിടിവാശിക്കാരായ അല്ലാഹുവിന്റെ ശത്രുക്കളെ അവൻ നശിപ്പിച്ചിട്ടുണ്ട്. അവരുടെ ഒരട യാളവും അവശേഷിക്കാത്ത തരത്തിൽ! അവർ പശ്ചാത്തപിക്കുകയാ ണെങ്കിൽ, അവരുടെ കാര്യം പിന്നെ അല്ലാഹുവിലാണ്. എന്നാൽ അല്ലാ ഹുവിന്റെ ശാപത്തിൽ തന്നെ അവർ മരണപ്പെടുകയാണെങ്കിൽ അല്ലാ ഹു(ത) അവരുടെ അടയാളം ഒന്നും തന്നെ അവശേഷിപ്പിക്കുന്നതല്ല. ഒരിക്കൽ അവൻ തീരമാനിച്ചു കഴിഞ്ഞാൽ! അല്ലാഹു(ത) നമ്മുടെ ബുദ്ധിശക്തിയെ ശുദ്ധീകരിക്കട്ടെ! അവന്റെ സൃഷ്ടികളുടെ സത്യതയെ ഗ്രഹിക്കുവാൻ സഹായിക്കട്ടെ! വിശുദ്ധഖുർആനിൽ ഉൾക്കൊണ്ടിരി ക്കുന്ന സത്യം ഗ്രഹിക്കുവാൻ കഴിയട്ടെ!

ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിലെ ഓരോരുത്തർക്കും അല്ലാ ഹു (ത) വിശുദ്ധഖുർആനിലെ ഉള്ളടക്കം ഉൾകാഴ്ച നല്കി അനുഗ്ര ഹിക്കട്ടെ! വിശുദ്ധഖുർആൻ നിശ്ചയമായും അവസാനിക്കാത്ത അറി വിന്റെ ഉറവിടമാകുന്നു. അതിന്റെ യഥാർത്ഥ സത്ത ലഭിക്കുന്നതിലൂ ടെയും സത്യമായ വിശദീകരണങ്ങളിലൂടെയും നിങ്ങളുടെ ജീവിത ങ്ങളെ കൂടുതൽ പ്രകാശമാനമാക്കിത്തീർക്കുന്നതാണ്. വരുകാല ജന തകളുടെ ജീവിതത്തെയും! ഇൻശാ അല്ലാഹ്! ആമീൻ.

*Translated & Issued By :*
*R. Jamaludin Raother*
*Amir - Jamaat Ul Sahih Al Islam*
*South Zone - Kerala, India*
*Ph : 9447001832, 6238065545*
*E-mail : jamal.raother@gmail.com*
*Web : www.jamaat-ul-sahih-al-islam.com*
*Blog : www.sahih-al-islam.blogspot.in*